**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**

**പാർലമെന്ററി പഠന പരിശീലന കേന്ദ്രം**

**സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി പ്രാക്ടീസ് ആന്റ് പ്രൊസീഡിയർ**

**അസൈൻമെന്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട മാർഗനിർദ്ദേശങ്ങൾ**

(1) പാർലമെന്ററി പഠന പരിശീലന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സിന്റെ ഓരോ പേപ്പറിന്റെയും ആകെയുള്ള 100 മാർക്കിൽ 10 മാർക്ക് അസൈൻമെന്റുകൾക്കായിരിക്കുന്നതാണ്.

(2) സർട്ടിഫിക്കറ്റ് കോഴ്സിന്റെ ഇന്റേണൽ അസസ്സ്മെന്റിന്റെ ഭാഗമായി എല്ലാ പഠിതാക്കളും ഓരോ പേപ്പറിനും ഒരു അസൈൻമെന്റ് എന്ന കണക്കിൽ ആകെ നാല്അസൈൻമെന്റുകൾ തയ്യാറാക്കേണ്ടതാണ്.

(3) അസൈൻമെന്റിനുള്ള വിഷയങ്ങൾ പഠനരേഖകളുടെ ഭാഗമായുള്ള ഹാൻഡ് ബുക്കിൽ നിന്നോ അല്ലാതെയോ പഠിതാക്കൾക്ക് തിരഞ്ഞെടുക്കാവുന്നതാണ്. എന്നാൽ തിരഞ്ഞെടുക്കുന്ന വിഷയങ്ങൾ അതാത് പേപ്പറുകളുമായി ബന്ധപ്പെട്ടതായിരിക്കേണ്ടതാണ്.

(4) അസൈൻമെന്റുകൾക്ക് ഓരോന്നിനും ആകെയുള്ള 10 മാർക്കിൽ ജയിക്കുന്നതിന് പ്രത്യേകം മിനിമം 5 മാർക്ക് ആവശ്യമാണ്.

(5) വാചാ പരീക്ഷ ( viva voce) പഠിതാക്കൾ തയ്യാറാക്കുന്ന അസൈൻമെന്റുകളുമായി കൂടി ബന്ധപ്പെട്ടായിരിയ്ക്കുന്നതാണ്.

(6) പഠിതാക്കൾ തയ്യാറാക്കുന്ന അസൈൻമെന്റുകൾ ഏറ്റവും കുറഞ്ഞത് മൂന്ന് പേജുകളുള്ളതും അഞ്ച് പേജിൽ കവിയാത്തതുമായിരിയ്ക്കണം.

(6) അസൈൻമെന്റുകൾ നേരിട്ടോ, അല്ലെങ്കിൽ അണ്ടർ സെക്രട്ടറി, പാർലമെന്ററി പഠന പരിശീലന കേന്ദ്രം, റൂം നമ്പർ 711, നിയമസഭാ മന്ദിരം, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം 33 എന്ന വിലാസത്തിൽ രജിസ്റ്റേർഡ് തപാലിലോ അയക്കേണ്ടതാണ്.

(7) എല്ലാ അസൈൻമെന്റുകളുടെയും അവസാനം പഠിതാക്കൾ അവരുടെ ഒപ്പ് പേര്, എൻറോൾമെന്റ് നമ്പർ എന്നിവ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ഇപ്രകാരം രേഖപ്പെടുത്താത്ത അസൈൻമെന്റുകൾ പരിഗണിയ്ക്കുന്നതല്ല.

(8) അസൈൻമെന്റുകളുമായി ബന്ധപ്പെട്ട് റഫർ ചെയ്യ പുസ്തകങ്ങൾ, വെബ്സൈറ്റുകൾ എന്നിവ അസൈൻമെന്റുകളുടെ ഭാഗമായി രേഖപ്പെടുത്തേണ്ടതാണ്.

(9) അസൈൻമെന്റുകൾ പാർലമെന്ററി പഠന പരിശീലന കേന്ദ്രത്തിൽ ലഭിയ്ക്കേണ്ട അവസാന തീയതി ***2015 ജനുവരി 15*** ആണ്.